"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഗതാഗത വകുപ്പ്- മോട്ടോർ വാഹന വകുപ്പ്- സംസ്ഥാന മന്ത്രിസഭയുടെ ഒന്നാം വാർഷികം പ്രമാണിച്ച് സംഘടിപ്പിക്കുന്ന പ്രദർശന വിപണന മേളയിൽ പങ്കെടുക്കുവാൻ 22 ലക്ഷം രൂപ ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.238/2022/TRANS തീയതി,തിരുവനന്തപുരം, 10-06-2022

---

പരാമർശം: 1) 24/03/2022-ലെ സ.ഉ.(കൈ.)നം.7/2022/ഐ&പിആർഡി.

2) ഗതാഗത കമ്മീഷണറുടെ, 19/04/2022& 20/04/2022 തിയതികളിലെ, യഥാക്രമം, A5/48/2022-TC, K2/25/2022/TC നമ്പർ കത്തുകൾ.

3) 03/06/2022-ലെ സ.ഉ.(സാധാ.)നം.4131/2022/ധന.

**ഉത്തരവ്**

സംസ്ഥാന മന്ത്രിസഭയുടെ ഒന്നാം വാർഷികം പ്രമാണിച്ച് സംഘടിപ്പിക്കുന്ന പ്രദർശന വിപണന മേളയിൽ പങ്കെടുക്കുന്ന സർക്കാർ വകുപ്പുകൾക്ക് ചെലവിനത്തിൽ ആവശ്യമായ തുക നിശ്ചയിച്ചും ആയത് വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകിയും, പരാമർശം 1 പ്രകാരം, ഉത്തരവായിരുന്നു.

2) ടി വിപണന പ്രദർശന മേളയിൽ പങ്കെടുക്കുവാൻ എറണാകുളം, തിരുവനന്തപുരം ജില്ലകൾക്ക് 5 ലക്ഷം രൂപ വീതവും മറ്റു ജില്ലകൾക്ക് 1 ലക്ഷം രൂപ വീതവും ചെലവഴിക്കാനുള്ള അനുമതി നല്കണമെന്നും, അതിനായി, ആകെ ആവശ്യമായ തുകയായ 22 (ഇരുപത്തിരണ്ട്) ലക്ഷം രൂപ '2041-00-001-99-34-03 (NP)' എന്ന ശീർഷകത്തിൽ അധികമായി അനുവദിച്ചു നൽകണമെന്നും ഗതാഗത കമ്മീഷണർ, പരാമർശം (2) പ്രകാരം, അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (3) പ്രകാരം, സർക്കാർ ധനാനുമതി നൽകുകയുണ്ടായി .

3) പരാമർശം (3) പ്രകാരമുള്ള ധനാനുമതിയുടെ അടിസ്ഥാനത്തിൽ, സംസ്ഥാന മന്ത്രിസഭയുടെ ഒന്നാം വാർഷികം പ്രമാണിച്ച് സംഘടിപ്പിക്കുന്ന പ്രദർശന വിപണന മേളയിൽ പങ്കെടുക്കുവാൻ എറണാകുളം, തിരുവനന്തപുരം ജില്ലകൾക്ക് 5 (അഞ്ച്) ലക്ഷം രൂപ വീതവും മറ്റു ജില്ലകൾക്ക് 1 (ഒന്ന്) ലക്ഷം രൂപ വീതവും എന്ന ക്രമത്തിൽ ആകെ 22 (ഇരുപത്തിരണ്ട്) ലക്ഷം രൂപ, 2041-00-001-99-34-03 (NP) എന്ന ശീർഷകത്തിൽ നിന്നും, ചെലവഴിക്കാൻ ഗതാഗത കമ്മീഷണർക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

BINOD K

ജോയിന്റ് സെക്രട്ടറി

ഗതാഗത കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം.
ധനകാര്യ വകുപ്പ് [I&PW-A1/137/2022-FIN(2069636)]
ഐ & പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ